**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2576** **07-07-2022 - ൽ മറുപടിയ്ക്ക്**

**വീട്ടുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. മുഖാന്തരം സൗരോർജ്ജ വൈദ്യുതി ഉല്പാദനത്തിനായി വീടുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിൽ ഉള്ളതെന്ന് വിശദമാക്കാമോ? | (എ) | കെ.എസ്.ഇ.ബി. മുഖാന്തരം സൗരോർജ്ജ വൈദ്യുതി ഉൽപ്പാദനത്തിനായി വീടുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണ് '**സൗര**' സബ്സിഡി പദ്ധതി. ഇത് ഗാർഹിക ഉപഭോക്താക്കൾക്ക് വേണ്ടി മാത്രമുള്ളതാണ്. കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ (എം.എൻ.ആർ.ഇ.) സാമ്പത്തിക സഹായത്തോടെയാണ് ഇത് നടപ്പിലാക്കുന്നത്.<br><br>ഈ പദ്ധതിയിൽ 1 KW മുതൽ 3 KW വരെ ശേഷിയുള്ള നിലയങ്ങൾക്ക് 40% സബ്സിഡിയും 4 മുതൽ 10 KW വരെ ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 KW - ന് 40%-വും തുടർന്നുള്ള ഓരോ കിലോവാട്ടിനും 20% സബ്സിഡിയും ലഭിക്കും. 10 KW – ന മുകളിൽ സബ്സിഡി ഇല്ല. എന്നാൽ ഹൗസിംഗ് സൊസൈറ്റികൾക്ക് 10 KW-ന് മുകളിൽ 500 KW വരെ 20% സബ്സിഡി അനുവദിക്കുന്നുണ്ട്.<br><br>സബ്സിഡി പദ്ധതിയിൽ നിലവിൽ 40.46 MW-ന്റെ 11030 നിലയങ്ങൾ പൂർത്തീകരിച്ചു. ഇതിൽ 31.17 MW-ന്റെ 8550 നിലയങ്ങൾ കമ്മിഷൻ ചെയ്തു.<br><br>ഈ പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ